**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 13, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

**പ്ലസ് വൺ പ്രവേശനം ലഭിക്കാത്തതിനെത്തുടർന്നുള്ള ആത്മഹത്യ**

മി. സ്പീക്കർ : സി.ബി.എസ്.ഇ. സ്കൂളുകൾക്കുവേണ്ടി പ്ലസ് വൺ പ്രവേശനം വൈകിപ്പിച്ചതുവഴി സംസ്ഥാന സിലബസ്സിൽ പഠിച്ച ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ അവഗണിക്കപ്പെട്ടതിനെത്തുടർന്ന് പട്ടാമ്പി ഹയർസെക്കന്ററി സ്കൂളിൽ നിന്ന് 70 ശതമാനം മാർക്കോടെ എസ്.എസ്.എൽ.സി. പാസ്സായ നിർദ്ധന കുടുംബത്തിലെ രേഷ്മ എന്ന പെൺകുട്ടി പ്ലസ്വൺ പ്രവേശനം ലഭിക്കാത്തതിൽ മനംനൊന്ത് ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട്

ശ്രീമതി കെ.എസ്. സലീഖ, സർവ്വശ്രീ വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ.എ. അസീസ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദു റബ്ബ്) : പട്ടാമ്പി ഹയർസെക്കന്ററി സ്കൂളിൽ നിന്ന് 70 ശതമാനത്തോളം മാർക്കോടെ എസ്.എസ്.എൽ.സി. പാസായ രേഷ്മ പ്ലസ്വൺ പ്രവേശനം ലഭിക്കാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്ത സംഭവം ദൗർഭാഗ്യകരമാണ്; ഏകജാലക സംവിധാനത്തിലൂടെയാണ് ഇപ്പോൾ പ്ലസ്വൺ പ്രവേശന നടപടികൾ നടക്കുന്നത്. ഏകജാലക സംവിധാനത്തിൽ 50 സ്കൂളുകളിൽ വരെ ഓപ്ഷൻ കൊടുക്കാനുള്ള അവസരമുണ്ടെങ്കിലും ഈ കുട്ടി ആകെ മൂന്ന് സ്കൂളുകളിൽ മാത്രമാണ് ഓപ്ഷൻ കൊടുത്തിട്ടുള്ളത്. പ്രസ്തുത സ്കൂളുകളിൽ ഈ കുട്ടിക്ക് ലഭിച്ചതിനെക്കാൾ കൂടുതൽ മാർക്കുള്ള കുട്ടികൾ ഉണ്ടെങ്കിൽ സീറ്റ് കിട്ടാതെ വരും. ഓപ്ഷൻ, സബ്ജക്ട്, സ്കൂൾ ഇവയൊക്കെ വീണ്ടും മാറ്റിക്കൊടുക്കുന്നതിനുള്ള സമയവും അവസരവും അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 20 ശതമാനം അഡീഷണൽ സീറ്റുകൾകൂടി അനുവദിച്ചിട്ടുള്ളതിനാൽ ഓപ്ഷൻ ചെയ്ഞ്ച് ചെയ്യുന്നതിനനുസരിച്ച് മറ്റുള്ള സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടാൻ സാദ്ധ്യതയുണ്ട്. അലോട്ട്മെന്റിന്റെ കാര്യത്തിൽ എന്തെങ്കിലും അപാകതകൾ നടന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

ശ്രീമതി കെ.എസ്. സലീഖ : ലാഘവത്തോടുകൂടിയുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയത്. എല്ലാ അർത്ഥത്തിലും വളരെ പ്രയാസമനുഭവിക്കുന്ന ഒരു ബി.പി.എൽ. കുടുംബത്തിലെ അംഗമാണ് രേഷ്മ.

സർക്കാർ സ്കൂളിൽ പഠിച്ച് 70 ശതമാനം മാർക്ക് വാങ്ങിയ ഈ കുട്ടി കഴിഞ്ഞ ബുധനാഴ്ചയാണ് പ്ലസ്‌വണ്ണിന് അഡ്മിഷൻ ലഭിക്കില്ല എന്നറിയുന്നതും തുടർന്ന് ആത്മഹത്യചെയ്തതും. മാനേജുമെന്റുകൾ സ്വന്തം നിലയിൽ പരീക്ഷ നടത്തിയതുകാരണം ഉയർന്ന മാർക്കോടെ പാസ്സായ സി.ബി.എസ്.ഇ. വിദ്യാർത്ഥികൾക്കും സർക്കാർ സ്കൂളിലെ കുട്ടികൾക്കും തുല്യപരിഗണന നൽകിയതുവഴി സർക്കാർ പ്ലസ് വൺ പ്രവേശനത്തിന് എസ്.എസ്.എൽ.സി.-ക്കാരെ തീർത്തും അവഗണിക്കുകയായിരുന്നു. കഴിഞ്ഞ വർഷം സ്റ്റേറ്റ് സിലബസ്സിൽ പഠിക്കുന്ന കുട്ടികളുടെ രണ്ട് അലോട്ട്മെന്റ് കഴിഞ്ഞതിനുശേഷമാണ് സി.ബിഎസ്.ഇ. കുട്ടികൾക്ക് അലോട്ട്മെന്റ് ലഭിച്ചിരുന്നതെങ്കിൽ ഇപ്രാവശ്യം അൺഎയിഡഡ് മാനേജ്മെന്റുകൾക്കുവേണ്ടി അലോട്ട്മെന്റ് വൈകിപ്പിക്കുകയായിരുന്നു. ഇതുമൂലം മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കുപോലും ഇഷ്ടവിഷയങ്ങളിൽ പ്രവേശനം ലഭിച്ചില്ലെന്നു മാത്രമല്ല ആദ്യ അലോട്ട്മെന്റിൽ സി.ബി.എസ്.ഇ. വിദ്യാർത്ഥികൾക്കുമാത്രമാണ് പ്രവേശനം ലഭിച്ചിരിക്കുന്നത്. ഈ സർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയത്തിന്റെ ഫലമായാണ് ഇത്തരം ദൗർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടാകുന്നത്. ആത്മഹത്യ ചെയ്ത രേഷ്മയുടെ കുടുംബ പശ്ചാത്തലം കണക്കിലെടുത്ത് ആ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദു റബ്ബ്) : സി.ബിഎസ്.ഇ. സ്കൂൾ മാനേജുമെന്റുകൾക്ക് സൗകര്യം നൽകാനായി പ്രവേശന നടപടികൾ ദീർഘിപ്പിച്ചു എന്നുപറഞ്ഞത് ശരിയല്ല. ഇപ്രാവശ്യം സി.ബി.എസ്.ഇ.

പരീക്ഷയുടെ റിസൽറ്റ് നേരത്തെ തന്നെ വന്നിരുന്നു. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അർഹതയുള്ള സി.ബി.എസ്.ഇ. കുട്ടികൾക്കും പ്ലസ്‌വൺ പ്രവേശനത്തിന് അപേക്ഷ നൽകാം. ട്രയൽ അലോട്ട്മെന്റ് വന്ന പ്പോൾ സി.ബി.എസ്.ഇ. കുട്ടികൾക്ക് മുൻതൂക്കം കിട്ടുന്നു എന്ന ധാരണ വന്നതിന്റെ അടിസ്ഥാനത്തിൽ ട്രയൽ അലോട്ട്മെന്റ് നീട്ടി ഈക്വലൈസ് ചെയ്തുകൊണ്ടാണ് ഇപ്രാവശ്യത്തെ പ്രവേശന നടപടികൾ നടന്നിട്ടുള്ളത്. ഇപ്പോൾ 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഓപ്ഷൻ ചെയിഞ്ചും സ്കൂൾ ചെയിഞ്ചും നടത്താവുന്നതാണ്. സി.ബി.എസ്.ഇ. വിദ്യാർത്ഥികൾക്കുവേണ്ടി ഗവൺമെന്റ് പ്രത്യേകിച്ച് യാതൊന്നും ചെയ്തിട്ടി ല്ല. മുൻവർഷങ്ങളേക്കാൾ ഈ വർഷം സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതായാണ് റിപ്പോർട്ട്. സംസ്ഥാനത്തൊട്ടാകെ പ്ലസ്ടുവിന് 78,000 സീറ്റിന്റെ കുറവാണുള്ളത്. 20 ശതമാനം സീറ്റ് വർദ്ധനവ് വരുന്നതോ ടുകൂടി ഈ കുറവ് 53,000 ആയി ചുരുങ്ങുകയാണ്. ദൗർഭാഗ്യകരമായ ഈ സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): രേഷ്മയുടെ ആത്മഹത്യ നിർഭാഗ്യ കരമാണ്. ആ കുട്ടിയുടെ കുടുംബത്തിന് സാമ്പത്തികസഹായം നൽകുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. അഡ്മിഷ നുവേണ്ടി 50 സ്കൂളുകളിൽ ഓപ്ഷൻ കൊടുക്കാമെന്നിരിക്കെ മൂന്നു സ്കൂളുകളാണ് ആ കുട്ടി എഴുതിക്കൊടുത്തതായി കാണുന്നത്. ഏകജാലക സംവിധാനമനുസരിച്ച് ചോദിക്കുന്ന സ്കൂളിൽ അഡ്മിഷൻ കിട്ടാറില്ല. എന്നാൽ സ്റ്റേറ്റ് സിലബസിൽ പഠിക്കുന്ന കുട്ടികളുടെ ബുദ്ധിമുട്ടുകൾ

പരിഗണിച്ച് എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടുന്ന കുട്ടിക്ക് ആവശ്യപ്പെടുന്ന സ്കൂളിൽ അഡ്മിഷൻ കൊടുക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഈ വർഷം പ്ലസ്ടുവിന് 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഏകജാലക സംവിധാനത്തിലെ പോരായ്മകൾ പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തുന്നതാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : രേഷ്മയുടെ ആത്മഹത്യപോലുള്ള വിഷയങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം. സി.ബി.എസ്.ഇ. സ്കൂളുകളിൽ പത്താം ക്ലാസ്സിലേയ്ക്കുള്ള വാർഷിക പരീക്ഷ നടത്തുന്നതിന് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം ആലോചിക്കുന്നതാണ്. രേഷ്മ പ്രവേശനം ആവശ്യപ്പെട്ടിരുന്ന വിഷയത്തിൽ 66 മാർക്കുവരെ ലഭിച്ചവർക്കാണ് ആ സ്കൂളിൽ പ്രവേശനം നൽകിയിട്ടുള്ളത്. ഇതിനെക്കാളും മാർക്ക് കുറവായതിനാലാണ് ആ കുട്ടിക്ക് പ്രവേശനം നൽകാൻ സാധിക്കാതെ വന്നത്.

## ശ്രദ്ധ ക്ഷണിക്കൽ

### (1) നെൽവയലുകൾ സംരക്ഷിക്കൽ

ശ്രീ. സി. കെ. നാണു: സംസ്ഥാനത്ത് നെൽവയലുകൾ ദിനംപ്രതി വ്യാപകമായി നികത്തിക്കൊണ്ടിരിക്കുകയുമാണ്. ഭക്ഷ്യോത്പാദന രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നെൽവയൽ സംരക്ഷിക്കുന്നതിനും ആവശ്യമായ

നടപടി സ്വീകരിക്കണം. പാലക്കാട്, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ നെൽകൃഷി വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളി സംഘടനകളുമായും പഞ്ചായത്തുകളുമായും ആലോചിച്ച് നെൽവയലുകൾ നികത്തുന്നത് തടയുകയും കനാലുകൾ മെച്ചപ്പെട്ട രൂപത്തിൽ സംരക്ഷിക്കുകയും ചെയ്യുന്നതിന് തീരുമാനമെടുക്കണം. വയലുകളും കുന്നുകളും വ്യാപകമായി നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനം ചെയ്യുന്നതുതടയുന്നതിനായി എല്ലാ ജില്ലകളിലും പ്രാദേശികതല നിരീക്ഷണ സമിതികളും ജില്ലാ സമിതികളും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ താലൂക്കിലേയും ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ ടീമുകളെ നിശ്ചയിച്ച് ഓരോ വില്ലേജിലേയും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട മുഴുവൻ ഭൂമിയും പരിശോധിച്ച് കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തി റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അനധികൃതമായി നികത്തപ്പെട്ട നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലയിലും നിലംനികത്തൽ തടയാനും വാഹനങ്ങൾ പിടിച്ചെടുത്ത് പിഴ ഈടാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (2) നദികളുടെ സംരക്ഷണം

ഡോ. എൻ. ജയരാജ്: കേരളത്തിലെ നദികളിൽ മലിനീകരണവും കൈയേറ്റവും മണൽ ഖനനവുംമൂലം മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുകയും വേനൽക്കാലത്ത് നീരൊഴുക്ക് ഇല്ലാതാവുകയും ചെയ്യുന്നു. ആവാസ വ്യവസ്ഥയേയും പരിസ്ഥിതിയേയും ജീവന്റെ നിലനിൽപിനേയും ഇത് പ്രതികൂലമായി ബാധിക്കുന്നു. നദീതീര സംരക്ഷണത്തിനും മണൽവാരൽ നിയന്ത്രണത്തിനുമുള്ള നിയമം പാലിക്കപ്പെടണം. അഴുക്കുചാലുകളും ഫാക്ടറി മാലിന്യവും നദികളിലേയ്ക്ക് ഒഴുക്കുന്നത് തടയണം. നദികളുടെ സർവ്വേ റിപ്പോർട്ട്, റിവർ ബാങ്ക് മാപ്പിംഗ്, സാന്റ് മൈനിംഗ് സർവ്വേ, മൈനിംഗ് ഡെപ്ത് എന്നിവ സംബന്ധിച്ച ധാരണയുണ്ടാക്കുന്നതിനും മണൽ മാഫിയയെ തകർക്കാനും പുഴകളെ സംരക്ഷിക്കാനും റവന്യൂ, പോലീസ്, ഇറിഗേഷൻ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): നദികളിലെ അനധികൃത മണലൂറ്റും തീരങ്ങളിലെ കൈയേറ്റവും തടയുന്നതിന് റിവർ മാപ്പിംഗ് നടത്തിവരുന്നുണ്ട്. നദീതീരങ്ങളുടെ സംരക്ഷണം റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ജലസേചന വകുപ്പ് നടത്തിവരുന്നുണ്ട്. കേരളത്തിലെ നദികളിലെയും ജലാശയങ്ങളിലെയും മലിനീകരണം തടയുന്നതിന് നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾക്ക് പരിധി നിശ്ചയിക്കുക, ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ശുചീകരണ സംവിധാനങ്ങ

ളുടെ പര്യാപ്തതയും പ്രവർത്തനവും ഉറപ്പുവരുത്തുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് റിവർ ബേസിൻ ബോർഡും വെറ്റ്ലാന്റ് ഡെവലപ്മെന്റ് ബോർഡും സ്റ്റേറ്റ് റിവർ ആന്റ് വെറ്റ്ലാന്റ് അതോറിറ്റിയും രൂപീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കേരള ജലസേചന സംരക്ഷണ (ഭേദഗതി) ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. നദീജലം സംരക്ഷിക്കാനുള്ള നിയമത്തിൽ റിവർ പ്രൊട്ടക്ഷൻ ഫോഴ്സിനെ സംബന്ധിച്ച വകുപ്പുകളും ഉൾപ്പെടുത്താൻ കഴിയുമോയെന്ന് ആലോചിക്കുന്നതാണ്.

## സബ്മിഷൻ

### (1) തസ്തിക വെട്ടിക്കുറയ്ക്കുന്നതുസംബന്ധിച്ച്

ശ്രീ. കെ. വി. വിജയദാസ്: കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള തസ്തികകളുടെ പതിനഞ്ച് ശതമാനം വെട്ടിക്കുറയ്ക്കാനുള്ള ധനകാര്യ വകുപ്പിന്റെ നിർദ്ദേശം പുനഃപരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള തസ്തികകൾ വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടില്ല. 163 അധിക തസ്തികകൾ വേണമെന്നുള്ള ആവശ്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

**(2) <u>പ്ലസ്ടു കോഴ്സുകളും അധിക ബാച്ചും അനുവദിക്കൽ</u>**

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ചേലക്കര മണ്ഡലത്തിൽ പ്ലസ്ടു ഇല്ലാത്ത സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കുന്നതിനും നിലവിലുള്ള സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> ചേലക്കര മണ്ഡലത്തിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിലായി പ്ലസ് വണ്ണിന് 1600 സീറ്റുകളുണ്ട്. പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുന്നതിനായി 20 ശതമാനം മാർജിനൽ സീറ്റുകൾ വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(3) <u>ഗുണനിലവാരമുള്ള വിത്തും സബ്സിഡിയും</u>**

<u>ശ്രീ. തോമസ് ചാണ്ടി:</u> നെൽകർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കാനും നാഷണൽ സീഡ്സ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പ റേഷൻ, കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും നെൽവിത്ത് വാങ്ങുമ്പോൾ അനുവദിച്ചിരുന്ന സബ്സിഡി തുടർന്നും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>) : വിത്തുകളുടെ ഗുണമേന്മാ പരിശോധന യ്ക്കായി കൃഷിവകുപ്പിന്റെ കീഴിൽ ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പട്ടാമ്പിയിലും വിത്തുപരി ശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഗുണനിലവാരം ബോദ്ധ്യപ്പെടു ന്ന വിത്ത് മാത്രമേ സീഡ് അതോറിറ്റി സംഭരിച്ച് വിതരണം ചെയ്യാറുള്ളൂ. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വിത്തിന് പുറമെ മറ്റ് സംസ്ഥാന ഏജൻസി

കളായ എൻ.എസ്.സി, കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല എന്നി വിടങ്ങളിൽനിന്ന് ഗുണമേന്മാ സർട്ടിഫിക്കറ്റ് ലഭിച്ച വിത്ത് സംഭരിച്ച് വിത രണം ചെയ്യുന്നുണ്ട്. അംഗീകൃത ഏജൻസികളിൽനിന്ന് വാങ്ങുന്ന വിത്തിനു മാത്രമേ സബ്സിഡി നൽകുവാൻ നിർവ്വാഹമുള്ളൂ.

### (4) നാദാപുരം-മുട്ടുങ്ങൽ റോഡ്

ശ്രീ. ഇ.കെ. വിജയൻ : നാദാപുരം-മുട്ടുങ്ങൽ 11 കിലോമീറ്റർ റോഡ് സ്റ്റേറ്റ് ഹൈവേയാക്കി ബി.എം.ബി.സി. അടിസ്ഥാനത്തിൽ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): എൻ.എച്ച്. 17-ഉം സ്റ്റേറ്റ് ഹൈവേ 38-ഉം തമ്മിൽ ബന്ധിപ്പിക്കുന്ന നാദാപുരം-മുട്ടുങ്ങൽ റോഡ് ബി.എം.ബി.സി. ചെയ്യുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ഈ റോഡിന് ഭരണാനുമതി നൽകി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (5) പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് സെക്ഷൻ ഓഫീസ്

ശ്രീ. കെ. ശിവദാസൻ നായർ : പത്തനംതിട്ട ജില്ലയിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ സെക്ഷൻ ഓഫീസ് തുടങ്ങാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): പത്തനംതിട്ട ജില്ലയിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനാവശ്യമായ തസ്തിക ഉൾപ്പെടെയുള്ള വിശദമായ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന

ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസ് തസ്തിക ഉൾപ്പെടെ പത്തനംതിട്ട ജില്ലയിലേയ്ക്ക് മാറ്റി അനുവദിക്കാൻ സാധ്യമാകുമോ യെന്നതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(6) ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ്**

ശ്രീ. റ്റി.വി. രാജേഷ് : ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ് ബി.എം.ബി.സി. ചെയ്യുന്നതിനും ഈ റോഡിലെ വണ്ണാത്തിക്കടവ് പാലം പുതുക്കിപ്പണിയുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന കാര്യം വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ഈ റോഡിൽ നെരിക്കാവള്ളി-ചന്തപ്പുര വരെയുള്ള ഭാഗം അപ്ഗ്രഡേഷൻ പാക്കേജിൽപ്പെടുത്തി റീടാറിംഗ് നടത്തിയിട്ടുണ്ട്. പിലാത്തറ-ചന്തപ്പുര ഭാഗം മെക്കാഡം ടാറിംഗ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. വണ്ണാത്തിക്കടവ് പാലവും കൊക്കോട്ടുവയൽ പാലവും വീതികൂട്ടി പുനർനിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

**(7) കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കൊച്ചിയിലെ കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ 12-ബി സ്റ്റാറ്റസ് ലഭ്യമാക്കാനും അക്കാഡമിക് കൗൺസിൽ ഉണ്ടാക്കാനും ഗവേണിംഗ് കൗൺസിലിലേയ്ക്കാവശ്യമായ അദ്ധ്യാപകരെ നിയമിക്കാനും

നിലവിലുള്ള കോഴ്സുകൾക്ക് കൂടുതൽ സീറ്റുകൾ അനുവദിക്കാനും കാർഷിക സർവ്വകലാശാലയിൽനിന്നും വന്നിട്ടുള്ള ജീവനക്കാർക്ക് പെൻഷനും പി.എഫ്.-ഉം ലഭ്യമാക്കാനും സർവ്വകലാശാലയ്ക്ക് അനുയോജ്യമായ സ്ഥലം നൽകാനും നടപടി സ്വീകരിക്കണം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : ഫിഷറീസ്, സമുദ്ര പഠനങ്ങൾക്കായുള്ള കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയെ സെന്റർ ഓഫ് എക്സലൻസ് ആക്കുകയെന്ന ലക്ഷ്യത്തോടെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ അക്വാക്ലിനിക് സ്ഥാപിക്കുന്നതാണ്. സർവ്വകലാശാലയിൽ മത്സ്യകർഷകർക്കുള്ള സമഗ്ര പരിശീലനകേന്ദ്രവും ഹോസ്റ്റലും അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്ററും ആരംഭിക്കുന്നതിനായി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് 5 കോടി രൂപ ഗ്രാന്റ് അനുവദിക്കുകയും അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മാതൃകാ മത്സ്യ സംസ്കരണ ശാലയും പരിശീലനകേന്ദ്രവും ആരംഭിക്കുന്നതും സർവ്വകലാശാല കാമ്പസ്സിൽ നിലവിലുള്ള റഫറൽ മ്യൂസിയത്തെ ദേശീയ മത്സ്യമ്യൂസിയമാക്കി ഉയർത്തുന്നതുമാണ്. ഈ സ്ഥാപനത്തെ 12-ബി സ്റ്റാറ്റസിലേയ്ക്ക് ഉയർത്താൻ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**(8) ചാലിയാറിന് കുറുകെ തടയണ**

ശ്രീ. പി.കെ. ബഷീർ : എടവണ്ണ പഞ്ചായത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാനും കൃഷിക്കാവശ്യമായ ജലസേചന

സൗകര്യം ലഭ്യമാക്കാനും ചാലിയാർ പുഴയ്ക്ക് കുറുകെ മൂഴിക്കൽ ഭാഗത്ത് തടയണ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : എടവണ്ണ പഞ്ചായത്തിൽ ചാലിയാർപുഴയ്ക്ക് കുറുകെ മുഴിക്കൽ ഭാഗത്തുകൂടി ജലസേചന സൗകര്യം ലഭിക്കുന്ന രീതിയിൽ തടയണ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

## (9) ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥ

ശ്രീ. പി.എ. മാധവൻ: സംസ്ഥാനത്തെ ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്ററ് ഹൗസുകളുടേയും മറ്റ് സംസ്ഥാനങ്ങളിലുള്ള കേരളാ ഹൗസുകളുൾപ്പെടെ 29 ഗസ്റ്റ് ഹൗസുകളുടേയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും പരിശീലനം ലഭിച്ച ജീവനക്കാരെ നിയമിക്കുന്നതിനും കൂടുതൽ ഗസ്റ്റ്ഹൗസുകൾ ഉണ്ടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): ടൂറിസം വകുപ്പിനുകീഴിലുള്ള ഗസ്റ്റ് ഹൗസുകൾ സംബന്ധിച്ച് നിലവിലുള്ള പരാതികൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എറണാകുളത്ത് ഫീഷറീസ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട സ്ഥലത്ത് ഗസ്റ്റ് ഹൗസ് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഗസ്റ്റ്ഹൗസുകളിൽ പുതിയ ബ്ലോക്കുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഗവൺമെന്റ് ഗസ്റ്റ്ഹൗസുകളും നല്ല രീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

**(10) തെങ്കര ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി**

ശ്രീ. എൻ. ഷംസുദീൻ: മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ തെങ്കര ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് പി.എച്ച്.സി.-കൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഈ വർഷവും അടുത്ത വർഷവും 12 പി.എച്ച്.സി.കൾ വീതം ആരംഭിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പി.എച്ച്.സി.-കൾ ആരംഭിക്കുമ്പോൾ തെങ്കര പഞ്ചായത്തിലും പി.എച്ച്.സി. ആരംഭിക്കുന്നതിനെക്കുറിച്ച് തീരുമാനമെടുക്കും.

**(11) സ്വാതികൃഷ്ണയക്ക് ചികിത്സാ സഹായം**

ശ്രീ. വി.എസ്. സുനിൽ കുമാർ: എറണാകുളം അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗുരുതരാവസ്ഥയിൽ കഴിയുന്ന സ്വാതികൃഷണയ്ക്ക് സാങ്കേതിക തടസ്സങ്ങൾനീക്കി എത്രയുംപെട്ടെന്ന് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ അനുമതി നൽകുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ഗൗരവമായ നിലപാട് സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): എറണാകുളം അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന വിദ്യാർത്ഥിനിയുടെ അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട വിവരം ലഭിച്ചയുടൻ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ വിളിച്ച് റീജിയണൽ ഓതറൈസേഷൻ കമ്മിറ്റി അടിയന്തരമായി യോഗം ചേർന്ന് അനുമതി നൽകുന്നതിനുവേണ്ട നട

പടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കും.

**(12) പോലീസ് അതിക്രമത്തെ തുടർന്നുള്ള സംഭവം**

ശ്രീ. ജി. സുധാകരൻ: പോലീസ് ഉദ്യോഗസ്ഥർ പിന്തുടർന്ന ഭീതിമൂലം തോട്ടപ്പള്ളിയിൽ ഗോപിയെന്ന തൊഴിലാളി ജലാശയത്തിൽ ചാടി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി കുറ്റക്കാരായ പോലീസുദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുന്നതിനും നിർദ്ധനനായ ഈ തൊഴിലാളിയുടെ കുടുംബത്തിന് 5 ലക്ഷം രൂപ ധനസഹായം നൽകുന്നതിനുമുള്ള നടപടിയെടുക്കുകയും പോലീസിന്റെ ഭാഗത്തുനിന്നും ഇത്തരം നടപടികളുണ്ടാകാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പൊതുസ്ഥലത്ത് പട്രോളിംഗ് നടത്തുന്ന സമയത്ത് സംശയാസ്പദമായ രീതിയിൽ മൂന്നാളുകൾ പോലീസിനെ കണ്ട് ഓടുകയും അവരെ പിന്തുടർന്ന പോലീസ് രണ്ടാളുകളെ പിടികൂടുകയും അവരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മൂന്നാമത്തെ ആളെ കണ്ടെത്തുകയും അയാളെ നെഞ്ചുവേദനയെത്തുടർന്ന് തകഴിയിലുള്ള സ്വകാര്യ ആശുപത്രിയിലും അവിടെനിന്ന് ആലപ്പുഴ മെഡിക്കൽകോളേജ് ആശുപത്രിയിലും എത്തിച്ച് പരിശോധിച്ച് ഐ.സി.യു.-വിൽ പ്രവേശിപ്പിക്കുകയും രാത്രി 9.20-ഓടുകൂടി മരണപ്പെടുകയുമുണ്ടായി. മരണപ്പെട്ട വ്യക്തിയുടെ ബന്ധുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. മരണകാരണം കാർഡിയാക് അറസ്റ്റാണെന്നും മദ്യത്തിന്റെ അംശം കണ്ടെത്തിയതായും ആലപ്പുഴ മെഡിക്കൽ കോളേജിലെ

പോസ്റ്റ്മാർട്ടം റിപ്പോർട്ട് സൂചിപ്പിക്കുന്നു. പ്രസ്തുത സംഭവത്തെക്കുറിച്ച് പുനരന്വേഷണം നടത്തി വിവരം അറിയിക്കുന്നതും നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിക്കുന്നതുമാണ്.

**മേശപ്പുറത്ത് വച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

I, VII എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2012-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) **അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) **ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(1) 2012-ലെ കേരള എൻഡോസൾഫാൻ കീടനാശിനി ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ട പരിഹാരവും ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: 2012-ലെ കേരള എൻഡോസൾഫാൻ കീട നാശിനി ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ട പരിഹാരവും ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വിവിധ ക്ഷേമ പരിപാടികൾ നടത്തിവരുന്നുണ്ട്. എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാൻ കഴിയാതെ വീട്ടിൽ കഴിയുന്നവർക്ക് പ്രതിമാസം 2000 രൂപ വീതവും രോഗികളായവർക്ക് പ്രതിമാസം 1000 രൂപ വീതവും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ദുരിത ബാധിതരുടെ കുടുംബങ്ങളിലെ 7-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് 2000 രൂപ വീതവും 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് 3000 രൂപ വീതവും 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് 4000 രൂപ വീതവും പ്രത്യേക വിദ്യാഭ്യാസ സഹായമായി നൽകിവരുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അംഗീകരിക്കുകയും അതനുസരിച്ചുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് മന്ത്രി തലസമിതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ അടച്ചിട്ടുള്ള 27 കോടി രൂപയിൽ നിന്ന് ധനസഹായം നൽകിവരുന്നുണ്ട്. ഇപ്രകാരം വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാൽ നിർദ്ദിഷ്ട അനൗദ്യോഗിക ബില്ലിന് അനുമതി നൽകേണ്ടതില്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ട പരിഹാരം ഈടാക്കി നൽകുന്നതിനുള്ള അപേക്ഷകളിന്മേലുള്ള തർക്കങ്ങൾ അടിയന്തരമായി തീർപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യണം. ഈ രാസകീടനാശിനിയുടെ ആവർത്തിച്ചുള്ള ഉപയോഗം കാരണം ധാരാളംപേർ മരിക്കുകയും രോഗബാധിതരാവുകയും ചെയ്തു. ലോകവ്യാപകമായി എൻഡോസൾഫാൻ നിരോധിക്കാൻ ശുപാർശയുണ്ടാവുകയും സുപ്രീം കോടതി എൻഡോസൾഫാൻ നിർമ്മാണവും വിൽപ്പനയും നിരോധിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. എൻഡോസൾഫാൻ പ്രയോഗംമൂലം ഉണ്ടായിട്ടുള്ള മരണങ്ങൾക്കും രോഗദുരിതങ്ങൾക്കും പാരിസ്ഥിതിക നാശത്തിനും എൻഡോസൾഫാൻ നിർമ്മാതാക്കളും, ശാസ്ത്രീയ വ്യവസ്ഥകൾ പാലിക്കാതെ കശുമാവ് തോട്ടങ്ങളിൽ കീടനാശിനി പ്രയോഗിച്ചതിന് പ്ലാന്റേഷൻ കോർപ്പറേഷൻ കേരളയും നഷ്ടപരിഹാരം നൽകേണ്ടതാണ്.

(തുടരും)

(2) <u>2012-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബിൽ</u>

(നോട്ടീസ് നൽകിയ അംഗം ശ്രീ. എം. ഹംസ ഹാജരില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല)

(3) <u>2012-ലെ കേരള സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൗരന്മാർക്കുള്ള സേവനം മെച്ചപ്പെടുത്തി ഉറപ്പുവരുത്തുന്നതിനുമുള്ള ബിൽ</u>

(നോട്ടീസ് നൽകിയ അംഗം ശ്രീ. എം. ഹംസ ഹാജരില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(4) 2012-ലെ കേരള ജനിതക രോഗബാധിതരുടെ ക്ഷേമ കോർപ്പറേഷൻ ബിൽ

ശ്രീ. ബെന്നി ബെഹനാൻ: 2012-ലെ കേരള ജനിതക രോഗബാധിതരുടെ ക്ഷേമ കോർപ്പറേഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ജനിതക രോഗത്താൽ കഷ്ടപ്പെടുന്നവർക്ക് മെച്ചപ്പെട്ട ചികിൽസ ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും സർക്കാർ ഏർപ്പെടുത്തുന്നതാണ്. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ഹീമോഫീലിയ ഉൾപ്പെടെയുള്ള ജനിതക രോഗങ്ങൾക്ക് ജീവൻരക്ഷാ ഔഷധങ്ങൾ എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്. ഇത്തരം രോഗങ്ങൾക്കുള്ള ചികിൽസ പ്രയോജനപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കും കുടുംബത്തിനും ആനുകൂല്യങ്ങൾ നൽകുന്നതുസംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പുമായി ആലോചിച്ച് നടപടി കൈക്കൊള്ളുന്നതാണ്. ഇതിനായി ഒരു പുതിയ കോർപ്പറേഷൻ സ്ഥാപിക്കുക എന്നത് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുമെന്നതിനാൽ ഈ ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. ബെന്നി ബെഹനാൻ: ജന്മനാ വൈകല്യമുള്ളവരുടേയും അവരുടെ കുടുംബത്തിന്റേയും സംരക്ഷണത്തിനും ക്ഷേമത്തിനുമായി ഒരു ക്ഷേമ

കോർപ്പറേഷൻ രൂപീകരിക്കേണ്ടതാണ്. സംസ്ഥാനത്ത് ഹീമോഫീലിയ, മൂകത,ബധിരത, അന്ധത, ഓട്ടിസം തുടങ്ങിയ രോഗങ്ങൾ ബാധിച്ചവരുടെ എണ്ണം രണ്ട് ലക്ഷത്തോളം വരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മൂന്ന് വയസ്സിന് താഴെയുള്ളവർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിക്ക് തുടക്കം കുറിച്ചത് അഭിനന്ദനാർഹമാണ്. ജനിതക രോഗബാധിതർക്കായി അനുവദിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കണം.

(തുടരും)

(5) <u>2012-ലെ കേരള ഫ്ളാറ്റ് നിർമ്മാണ നിയന്ത്രണ അതോറിറ്റി ബിൽ</u>

<u>ശ്രീ. ബെന്നി ബെഹനാൻ:</u> 2012-ലെ കേരള ഫ്ളാറ്റ് നിർമ്മാണ നിയന്ത്രണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>) : കേരളത്തിൽ വർദ്ധിച്ചുവരുന്ന ഫ്ളാറ്റ് നിർമ്മാണവും അതിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകളും നിയന്ത്രിക്കുന്നതിനായി ടൗൺ പ്ലാനിംഗ് ആക്ട്, കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് ആക്ട്, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് തുടങ്ങിയവ നിലവിലുണ്ട്. കൂടാതെ ഫ്ളാറ്റ് നിർമ്മാണം ഉൾപ്പെടെ റിയൽ എസ്റ്റേറ്റ് രംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ നഗര-വികസന വകുപ്പ് രൂപംകൊടുത്തിട്ടുള്ള 'റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ് ബിൽ, 2012' പാർലമെന്റിൽ ഉടൻതന്നെ അവതരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ ഇത്തരം ഒരു ബില്ലിന്റെ ആവശ്യമില്ല.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> തിരുവനന്തപുരത്ത് തന്നെ നിർമ്മിക്കുന്ന പല ഫ്ളാറ്റുകളും ഒരു ഫയർ എഞ്ചിൻ കടുന്നുവരുന്നതിന് സൗകര്യമില്ലാത്ത സ്ഥലങ്ങളിലാണ്. ഫ്ളാറ്റുകളുടെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനും നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആ മേഖലയെ പരിപോഷിപ്പിക്കുന്നതിനും കഴിയണം. ഫ്ളാറ്റ് നിർമ്മാണ മേഖലയിൽ നിയമനിർമ്മാണം അനിവാര്യമായതിനാൽ ഈ ബില്ലിന് അനുമതി നൽകണം.

(തുടരും)

(6) <u>2011-ലെ കേരള സംസ്ഥാനത്തെ സ്വകാര്യ ദേവസ്വം ജീവനക്കാരുടെ ക്ഷേമനിധി ബിൽ</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> 2011-ലെ കേരള സംസ്ഥാനത്തെ സ്വകാര്യ ദേവസ്വം ജീവനക്കാരുടെ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ഇ.പി. ജയരാജൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): ദേവസ്വം ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുകയും അത് നിലവിൽ വരികയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് പ്രത്യേകിച്ച് ഇനി ഒരു ബില്ലിന്റെ ആവശ്യമില്ല.

<u>ശ്രീ. വി. ശിവൻകുട്ടി :</u> നാമമാത്രമായിട്ടുള്ള ഒരു ക്ഷേമനിധി ഏർപ്പെടുത്തിയ കാര്യമാണ് ബഹു. വകുപ്പുമന്ത്രി സൂചിപ്പിച്ചത്. ഇപ്പോൾ കേരളത്തിൽ ഇരുപതിനായിരത്തോളം വരുന്ന സ്വകാര്യ ദേവസ്വം ക്ഷേത്ര ജീവനക്കാർ പണിയെടുക്കുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്കും മറ്റ് ദേവസ്വം ബോർഡുകളിൽ അനുവദിക്കുന്ന തരത്തിൽ ആനുകൂല്യങ്ങൾ

നൽകേണ്ടതാണ്. യാതൊരു തൊഴിൽനിയമങ്ങളും ഇത്തരം ദേവസ്വങ്ങളിൽ ഇല്ല എന്നുള്ളത് വസ്തുതയാണ്. സ്വകാര്യ ദേവസ്വം ജീവനക്കാരുടെ ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും ശാശ്വതപരിഹാരം ഉണ്ടാകണം. ഈ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ ജീവനക്കാർക്കും ആനുകൂല്യങ്ങൾ ലഭിക്കാൻ വിപുലമായ ഒരു ബിൽ കൊണ്ടുവരേണ്ടതാണ്. സ്വകാര്യ ദേവസ്വം ജീവനക്കാരുടെ സർവ്വേ നടത്തി ഒരു ക്ഷേമനിധിക്ക് രൂപം കൊടുക്കാൻ തയ്യാറാകണം (തുടരും)

(7) <u>2012-ലെ കേരള സംസ്ഥാന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ</u>

(നോട്ടീസ് നൽകിയ അംഗം ശ്രീ. പി. ശ്രീരാമകൃഷ്ണൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(8) <u>2012-ലെ കേരള സംസ്ഥാന സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും സംരക്ഷണ അതോറിറ്റി ബിൽ</u>

<u>ശ്രീ. വി.റ്റി. ബൽറാം</u> കേരള സംസ്ഥാന സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും സംരക്ഷണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. പാലോട് രവി:</u> പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ)</u>: സംസ്ഥാനത്തിനകത്തും പുറത്തും സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന നഴ്സുമാരുടെയും പാരാമെഡിക്കൽ ജീവനക്കാരും ചൂഷണങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ഡോ. ബലരാമൻ

ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും വേതനം സംബന്ധിച്ച് ചില നടപടികൾ ഇതിനോടകംതന്നെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ശുപാർശകളിന്മേൽ തൊഴിൽ നിയമങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ച് തൊഴിൽവകുപ്പുമായി ചേർന്ന് സ്വകാര്യ ആശുപത്രി അധികൃതർ, നഴ്സസ് സർവ്വീസ് സംഘടനകൾ എന്നിവരുമായി ചർച്ച ചെയ്ത് കഴിയുന്നതുംവേഗം തീരുമാനമെടുക്കുന്നതാണ്. ഈ സാഹചര്യത്തിൽ ഇതിനുവേണ്ടി ഒരു ബിൽ ആവശ്യമാണെന്ന് സർക്കാർ കരുതുന്നില്ല. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്ന അവസരത്തിൽ നിയമനിർമ്മാണം ആവശ്യമായി വന്നാൽ അപ്പോൾ പരിഗണിക്കുന്നതാണ്.

<u>ശ്രീ. വി.റ്റി. ബൽറാം</u>: ഏറ്റവും കൂടുതൽ ചൂഷണം നേരിടുന്ന നഴ്സിംഗ് പാരാമെഡിക്കൽ ജീവനക്കാരുടെ മേഖലയിൽ ഇത്തരത്തിലൊരു നിയമം അത്യാവശ്യമാണ്. അവധി ദിവസങ്ങളോ മറ്റ് ന്യായമായ ആനുകൂല്യങ്ങളോ അവർക്ക് ലഭിക്കാറില്ല. ആശുപത്രി മാനേജുമെന്റുകളുമായി ചർച്ച നടത്താനും പരിഹാരമുണ്ടാക്കാനും സർക്കാർ ശ്രമം നടത്തിയെന്നത് ശ്രദ്ധേയമാണ്. നഴ്സുമാർക്കും പാരാ മെഡിക്കൽ സ്റ്റാഫിനും അർഹതപ്പെട്ട മിനിമം വേതനം ഉറുപ്പുവരുത്താൻ സമഗ്രമായ അതോറിറ്റി രൂപീകരിക്കാൻ തയ്യാറാകണം. ബലരാമൻ കമ്മീഷൻ റിപ്പോർട്ട് അട്ടിമറിക്കാൻ അനുവദിക്കരുത്.

(തുടരും)

(9) <u>2012-ലെ കേരള സാമൂഹ്യ ദുഷണ പരസ്യ നിരോധന ബിൽ</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> 2012-ലെ കേരള സാമൂഹ്യ ദൂഷണ പരസ്യ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.എൻ.പ്രതാപൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൊതുവിൽ സ്വാഗതാർഹ മാണെങ്കിലും 'പരസ്യങ്ങൾ' എന്നതിന്റെ നിർവചനത്തിൽ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽക്കൂടിയുള്ള സംപ്രേക്ഷണം ഉൾപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത വിഷയം ഭരണഘടനയുടെ 7-ാം പട്ടികയിലെ യൂണിയൻ ലിസ്റ്റിൽ ഇനം 31-ൽ ഉൾപ്പെട്ട വിഷയമായതിനാൽ സംസ്ഥാന സർക്കാരിന് ഇങ്ങനെയൊരു നിയമനിർമ്മാണം നടത്താൻ അധികാരമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: വാണിജ്യ-വ്യവസായ-സേവന മേഖലക ളിലുള്ള പരസ്യങ്ങൾക്ക് യാതൊരു നിയന്ത്രണങ്ങളുമില്ല. പരസ്പര സൗഹാർദ്ദം തകർക്കുന്നതിനും ധാർമ്മിക സദാചാരമൂല്യങ്ങൾ നിലയ്ക്കു ന്നതിനും റോഡുകളിൽ വൻ അപകടങ്ങൾക്കും പരസ്യങ്ങൾ കാരണമാ കുന്നുണ്ട്. മദ്യപാനത്തിനുപോലും പവിത്രത കൽപ്പിക്കുന്ന രംഗങ്ങൾ കുട്ടികൾക്കും യുവാക്കൾക്കും പ്രചോദനമാകുന്നുണ്ട്. യാതൊരു ശാസ്ത്രീയ അടിത്തറയുമില്ലാത്ത പരസ്യങ്ങൾ നിയന്ത്രിക്കാൻ ഒരു നിയമ നിർമ്മാണം ആവശ്യമാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): നാഷണൽ ഹൈവേകളിലും പി.ഡബ്ള്യു.ഡി. റോഡുകളിലും വ്യാപകമായ രീതിയിൽ കണ്ണഞ്ചിപ്പിക്കുന്ന വിധത്തിലുള്ള പരസ്യങ്ങൾ പതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരസ്യങ്ങൾ അപകടങ്ങൾക്ക് കാരണമാകു ന്നതിനാൽ പുതുതായി ആവിഷ്ക്കരിക്കുന്ന റോഡ് പോളിസിയിൽ ഇതുകൂടി ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ട്. (തുടരും)

(10) 2012-ലെ കേരള സംസ്ഥാന വീഡിയോ ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി ബിൽ

ശ്രീ. പാലോട് രവി: 2012-ലെ കേരള സംസ്ഥാന വീഡിയോ ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പുതിയ ക്ഷേമനിധികൾ രൂപീകരിക്കേണ്ട എന്നാണ് സർക്കാർ തീരുമാനം. നിലവിലുള്ള ക്ഷേമനിധികൾ ഫലപ്രദമാക്കിക്കൊണ്ട് ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഇവരെക്കൂടി അംഗങ്ങളായി ഉൾപ്പെടുത്തി ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പാലോട് രവി: സംസ്ഥാനത്തെ 75,000-ത്തോളം വരുന്ന വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ വിദഗ്ദ്ധ തൊഴിലാളികൾക്കായി പ്രത്യേകം ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടത് അനിവാര്യമാണ്. സമസ്ത മേഖലകളിലും അവിഭാജ്യ ഘടകമായ ഇവർക്ക് പ്രോത്സാഹനവും, തൊഴിലുറപ്പും നൽകാനും അത്യാവശ്യം കൂലി ലഭ്യമാക്കാനും, കടന്നാക്രമണങ്ങളിൽനിന്നും സംരക്ഷിക്കാനും, റെക്കഗ്നിഷൻ നൽകാനും, പുതിയ ടെക്നോളജി കൊണ്ടുവരുന്നതിനും വേണ്ടിയാണ് ക്ഷേമനിധി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും 60

വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ അനുവദിക്കുന്നതിനും തയ്യാറാകണം.

(തുടരും)

(11) 2012-ലെ കേരള സംസ്ഥാന കേബിൾ ടെലിവിഷൻ ഓപ്പറേറ്റിംഗ് രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. പാലോട് രവി: 2012-ലെ കേരള സംസ്ഥാന കേബിൾ ടെലിവിഷൻ ഓപ്പറേറ്റിംഗ് രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): നിലവിലുള്ള ക്ഷേമനിധികൾ ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ പ്രത്യേകം ക്ഷേമനിധി രൂപീകരിക്കേണ്ട എന്നതാണ് തീരുമാനം. സോഷ്യൽ സെക്യൂരിറ്റി ആക്ട് പ്രകാരം അൺ ഓർഗനൈസ്ഡ് ബോർഡ് ശക്തിപ്പെടുത്തി ഇത്തരം മേഖലയിലുള്ളവരെ അതിന്റെ കീഴിൽ കൊണ്ടുവരാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. പാലോട് രവി: രാജ്യത്ത് 10 കോടിയോളം കേബിൾ ടി.വി. വരിക്കാരാണുള്ളത്. മൾട്ടി നാഷണൽ കമ്പനികളും കോർപ്പറേറ്റ് കമ്പനികളും പ്രാദേശിക ചാനലുകളെ ഇല്ലായ്മ ചെയ്ത് ദൃശ്യ മാധ്യമ വിതരണ ശൃംഖല പൂർണ്ണമായും കൈയ്യടക്കാനുള്ള ശ്രമം നടക്കുന്നതിനാൽ പുരോഗനാത്മക മായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന പ്രാദേശിക ചാനലുകൾക്കായി ഒരു ക്ഷേമനിധി ബിൽ കൊണ്ടുവരണം. പ്രാദേശിക ചാനലുകൾ കേബിൾ ടി.വി. ആവശ്യത്തിന് വൈദ്യുതി എടുക്കുന്ന പോസ്റ്റുകൾക്ക് വൻതോതിലുള്ള വാടകയും വർഷംതോറും തുകയുടെ 5 ശതമാനം വർദ്ധനവും ഈടാ

ക്കുന്നുണ്ട്. പുതിയതായി പോസ്റ്റെടുക്കുന്നവരിൽനിന്നും പ്രസ്തുത തുകയുടെ മൂന്നിരട്ടി മുൻകൂറായി ഈടാക്കുകയും ചെയ്യും. ഈ നിരക്ക് വർദ്ധനവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

(തുടരും)

(12) 2012-ലെ കേരള പൊതു തൊഴിൽ പരിശീലന സേവന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ബിൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 2012-ലെ കേരള പൊതു തൊഴിൽ പരിശീലന സേവന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കാനായി സർക്കാർ തന്നെ ഈ വിഷയം സംബന്ധിച്ച് ഒരു ബിൽ കൊണ്ടുവരുന്നതിനുള്ള തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിലാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർക്കാർ ഇതുസംബന്ധിച്ച് ബിൽ അവതരിപ്പിക്കാൻ തയ്യാറാകുന്നതിൽ സന്തോഷമുണ്ട്. സംസ്ഥാനത്ത് വിവിധ തരം തൊഴിൽ പഠനത്തിനും പരിശീലനത്തിനുമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്ക് യാതൊരു ആധികാരികതയുമില്ലെന്ന കാരണത്താൽ ഇവർ നൽകുന്ന സർട്ടിഫിക്കറ്റുകൾ വ്യാജ ഗണത്തിലാണ് പരിഗണിക്കപ്പെടുന്നത്. ഇത്തരം സ്ഥാപനങ്ങൾക്ക് വിദഗ്ദ്ധ അദ്ധ്യാപകരോ, അടിസ്ഥാന സൗകര്യങ്ങളോ, ലാബോ, പഠനോപകരണങ്ങളോ ഇല്ലെന്ന് മാത്രമല്ല, വിദ്യാർത്ഥി

കളുടെ സുരക്ഷ ഉറപ്പാക്കാനും സാധിക്കുന്നില്ല. അടിസ്ഥാന യോഗ്യതയും ഫാക്കൽറ്റിയും ഉറപ്പാക്കുവാൻ സംസ്ഥാന സർക്കാരിന്റെ യുക്തിപൂർണ്ണമായ ഇടപെടലുണ്ടാവുകയും സർക്കാർ നിഷ്കർഷിക്കുന്ന നിബന്ധന അംഗീകരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ശിക്ഷണ നടപടിയെടുക്കുകയും ചെയ്യണം.

(തുടരും)

മി. സ്പീക്കർ: ഇത് സംബന്ധിച്ച് ഒരു ബിൽ കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുവെന്ന് പറഞ്ഞു. സ്വകാര്യ അംഗം കൊണ്ടുവന്ന ബിൽ നിയമമാക്കുന്നതിനെക്കുറിച്ച് സർക്കാരിന് ആലോചിക്കാവുന്നതാണ്. അങ്ങനെ കൊണ്ടുവന്ന കീഴ്വഴക്കം നിയമസഭയിലും പാർലമെന്റിലുമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്വകാര്യ അംഗം കൊണ്ടുവരുന്ന ബിൽ സ്വീകരിക്കാവുന്നതാണ്. പക്ഷെ ഇതുസംബന്ധിച്ച ബിൽ രൂപീകരണം അവസാന ഘട്ടത്തിലാണെന്ന് വകുപ്പുമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇവ തമ്മിൽ ഒത്തുപോകുകയാണെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കും.

(അജണ്ടയിലെ ബാക്കി ഇനങ്ങൾ പരിഗണിക്കപ്പെട്ടില്ല.)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

* * * * * * * * * * * * * * * *